TUESDAY 07.11.2023 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

# FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) 07/11/2023

1. കേരളീയത്തോട് അനുബന്ധിച്ച് കൃഷിവകുപ്പ് എൽ എം എസ് ഗ്രൗണ്ടിൽ ഒരുക്കിയിട്ടുള്ള ട്രേഡ് ഫെയർ കാണുവാൻ ജനങ്ങൾക്കിടയിൽ പ്രിയമേറുന്നു. 45 ഓളം സ്റ്റാളുകൾ പ്രദർശനത്തിനും വിപണത്തിനുമായി ഒരുക്കിയിരിക്കുന്നു. കാർഷിക മൂല്യവർധന സാധ്യതകളുടെ ഒരു നേർക്കാഴ്ച കൂടിയാണ് വകുപ്പ് ഒരുക്കിയിട്ടുള്ള ട്രേയ്ഡ് ഫെയർ. കാർഷിക മൂല്യ വർദ്ധിത മേഖലയിൽ കൃഷിവകുപ്പ് നടത്തിവരുന്ന ഇടപെടലുകളായ മൂല്യ വർദ്ധിത കൃഷി മിഷൻ, കേരളാഗ്രോ, കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) എന്നിവയെ പരിചയപ്പെടുത്തുന്ന തീം സ്റ്റാൾ ജനങ്ങളെ പ്രദർശനത്തിലേക്ക് സ്വാഗതം അരുളുന്നു. ജൈവ സർട്ടിഫിക്കേഷനും, കാർബൺ ന്യൂട്രൽ പദവിയുമുള്ള കേരളത്തിലെ ഏക ഫാം ആയ ആലുവ വിത്തുവില്പാദന കേന്ദ്രത്തിലെ ഉത്പന്നങ്ങളാണ് ആദ്യം. സർക്കാർ ഫാമുകളായ നെല്ലിയാമ്പതി ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാമിലിയും പന്തളം കരിമ്പ് വിത്ത്ല്പാദന ഫാമിലിയും ഉൽപന്നങ്ങളും വിപണനത്തിന് ഒരുക്കിയിരിക്കുന്നു. ജനപ്രിയമായ പന്തളം ശർക്കരയും മറയൂർ ശർക്കരയും ഈ സ്റ്റാളിൽ നിന്നും വാങ്ങാൻ കഴിയും. ഓൺലൈനിൽ ലഭ്യമായ കേരളാഗ്രോ ബ്രാൻഡിലുള്ള ഉൽപ്പന്നങ്ങളും സ്വന്തമാക്കാം. കേരളത്തിലെ കർഷകരുടെയും കർഷക ഉത്പാദക സംഘങ്ങളുടെയും കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളെ പരിചയപ്പെടുത്തുവാനും വാങ്ങുവാനുമുള്ള സൗകര്യവും ഇവിടെ ഒരുക്കിയിരിക്കുന്നു. ഭൗമസൂചിക പദവിയുള്ള കുറ്റിയാട്ടൂർ മാങ്ങയുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, അതിരംപിള്ളി ട്രൈബൽ വാലിയിലെ ഉൽപ്പന്നങ്ങളായ കോഫി, കുരുമുളക്, തുടങ്ങിയവയുടെ എക്സ്പോർട്ട് ക്വാളിറ്റി ഉൽപ്പന്നങ്ങളും അട്ടപ്പാടി ട്രൈബൽ ഫാർമേഴ്സ് അസോസിയേഷന്റെ ചെറുധാന്യ ഉൽപ്പന്നങ്ങളും സ്വന്തമാക്കാനുള്ള അവസരമുണ്ട്. കാർഷിക യന്ത്രങ്ങളും കെയ്കോയുടെ സ്റ്റാളിൽ വലിയ സബ്സിഡിയോടെ സ്വന്തമാക്കാം ചക്ക, തേൻ, നെല്ല്, അരി ഉൽപ്പന്നങ്ങൾ തുടങ്ങി മൂല്യവർധന മേഖലയുടെ സാധ്യതകൾ കാഴ്ചക്കാർക്ക് പകർന്നു നൽകുന്നു. കാർഷിക സംരംഭകർക്ക് 3% പലിശയിളവിൽ രണ്ടു കോടി രൂപ വരെയുള്ള വായ്പകൾ നേടുവാൻ കാർഷിക അടിസ്ഥാന സൗകര്യ നിധിയുടെ സ്റ്റാളും ഇവിടെയുണ്ട്. കൃഷിവകുപ്പിന്റെയും മറ്റ് ഉത്പാദക സംഘങ്ങളുടെയും നഴ്സറികളിൽ നിന്നും കുറഞ്ഞ നിരക്കിൽ വിത്തുകളും, തൈകളും, ഫവലൃക്ഷ തൈകളും ലഭിക്കുന്ന നിരവധി സ്റ്റാളുകളും സന്ദർശകരുടെ

തിരക്കേറ്റുന്നു. കേരളീയത്തിന്റെ ഭാഗമായി ഫുഡ് ഫെസ്റ്റും, പെറ്റ് ഫുഡ് ഫെസ്റ്റും ഇവിടെ സജ്ജമാണ്.

2. മാതൃക കൃഷിയിടങ്ങൾ സ്ഥാപിക്കുന്നതിനായി കൃഷിഭവനുകളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. ഫാം പ്ലാൻ വികസനം അടിസ്ഥാനമാക്കി ഒരുപഞ്ചായത്തിൽ 10 മാതൃകകൃഷിയിടങ്ങളാണ് അനുവദിക്കുക. കൃഷിയിടത്തിന്റെ നിലവിലുള്ള അവസ്ഥ മനസ്സിലാക്കി കൃഷിയിടത്തിൽ നിന്നുള്ള വരുമാനം 5 വർഷം കൊണ്ട് ഇരട്ടിയാക്കുക എന്നതാണ് ഫാംപ്ലാൻ വികസന സമീപനത്തിന്റെ ലക്ഷ്യം 2022 -23 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച കൃഷികൂട്ടാധിഷ്ഠിത എഫ് പി ഓകൾക്ക് ഉത്പന്നവികസനം സമാഹരണം വിപണന പ്രവർത്തനങ്ങൾ അടിസ്ഥാനസൗകര്യവികസനം എന്നിവയ്ക്കായി ഈവർഷവും നൽകുന്നതാണ്. കൂടാതെ ഈ എഫ് പി ഓകൾക്ക് ചെറുകിടയന്ത്രങ്ങൾ വാങ്ങുന്നതിനും സബ്സിഡി നൽകുന്നു. കേരളഗ്രോ ബ്രാൻഡ് റീറ്റെയ്ൽ ഔട്ട്ലെറ്റ് ഫാംപ്ലാൻ പ്രീമിയം ഔട്ട്ലെറ്റ് തുടങ്ങിയ പദ്ധതികൾക്കും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് അതത് കൃഷിഭവനുകളുമായി ബന്ധപെടുക.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കുമരകം പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഈ അധ്യയന വർഷം മുതൽ ആരംഭിക്കുന്ന ബി.എസ്സി. (ഓണേഴ്സ്) അഗ്രികൾച്ചർ കോഴ്സിന് ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു. 2023- 24 വർഷത്തെ സംസ്ഥാന പ്രവേശന പരീക്ഷ (KEAM 2023) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രസ്തുത കോഴ്സിന് അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. പ്രവേശനവുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

## പരിശീലന പരിപാടി

4. കേന്ദ്രസർക്കാരിന്റെ MIDH പദ്ധതി പ്രകാരം കേരള കാർഷിക സർവ്വകലാശാലയും കശുമാവ് കൊക്കോ വികസന കാര്യാലയവും മൊണ്ടലിസ് ഇന്ത്യ ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവയുടെ സഹകരണത്തോടുകൂടി ശാസ്ത്രീയ കൊക്കോ കൃഷിയും സംസ്കരണവും എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 10.11.2023 വെള്ളിയാഴ്ച രാവിലെ 9 മണിക്ക് തൃശ്ശൂർ വെള്ളാനിക്കരയിലുള്ള കൊക്കോ ഗവേഷണ കേന്ദ്രത്തിൽ വച്ച് നടത്തുന്ന പ്രസ്തുത സെമിനാറിൽ വിദഗ്ദ്ധർ ക്ലാസുകൾ നയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9483384570

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കൊല്ലം ജില്ലയിലെ കൊട്ടിയം ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററിൽ നവംബർ 9, 10 തീയതികളിൽ മുട്ടക്കോഴി വളർത്തലിൽ സൗജന്യപരിശീലനം നൽകുന്നു. 9447525485, 9495925485 നമ്പരുകളിൽ പേര് രജിസ്റ്റർ ചെയ്യാം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് അവസരം.

6. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 7,8 തീയതികളിലായി മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിലും 13 ന് കാടവളർത്തൽ, 20, 21 തീയതികളിൽ ആടുവളർത്തൽ, 28 ന് പോത്തുകുട്ടി പരിശിലനം എന്നീ വിഷയങ്ങളിലാണ് പരിശീലനം. രാവിലെ 10 മണി മുതൽ 5 മണി വരെ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9188522711, 0469-2965535

7. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിഥിതിചെയ്യുന്ന കേരളസർക്കാർ സ്ഥാപനമായ ക്ഷീരപരിശീലനകേന്ദ്രത്തിൽ വച്ച് നവംബർ 8 മുതൽ 10 വരെ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം സെക്രട്ടറിമാർക്ക് പരിശീലനപരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ ആധാർ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ് താത്പര്യമുള്ളവർ 6 -11 -2023 വൈകുന്നേരം 5 മണിക്ക് മുൻപായി നേരിട്ടോ 0495 2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചേയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം